ഭരണഭാഷ – മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട് പി.ഒ, കവടിയാർ പി.ഒ
തിരുവനന്തപുരം – 695003.

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ 3-5685/2022/സിഇ/തസ്വഭവ** **തീയതി 12.07.2022**

# സർക്കുലർ

വിഷയം : തസ്വഭവ (LID&EW) – ജീവനക്കാര്യം – അസി. എഞ്ചിനീയർ തസ്തികയിലെ ജീവനക്കാരുടെ ഒഴിവ് വിവരം സമർപ്പിച്ചത് – കൃത്യത ഉറപ്പുവരുത്തുന്നത് – സംബന്ധിച്ച്

സൂചന : 11.05.2022-ലെ ഇതേ നമ്പർ പരിപത്രം

സൂചന പരിപത്രം മുഖേന ലഭ്യമാക്കിയ Proforma P-1155-ൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊഫോർമ പ്രകാരം ഏകദേശം 175 ഒഴിവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഉള്ളതായി കാണുന്നു. ടി ഒഴിവുകളിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ട ഒഴിവുകളെ സംബന്ധിച്ച് ആധികാരിത വരുത്തേണ്ടതുണ്ട്. ആയതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത Proforma No. P-1168-ൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ എന്നും ഒഴിവുകൾ കൂട്ടിച്ചേർക്കാനോ ഒഴിവാക്കാനോ ഉണ്ടോ എന്നുള്ള വിവരം പരിശോധിച്ച് ആയതിന്റെ കൃത്യത ഉറപ്പുവരുത്തി റിമാർക്ക്സ് കോളത്തിൽ ഒഴിവ് നിലവിൽ വന്ന തീയതി സഹിതം / ഒഴിവ് ഇല്ലാതായ സാഹചര്യം എന്നിവ വിശദമാക്കേണ്ടതാണ്. ഒഴിവുകൾ യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതിനാൽ സമർപ്പിക്കുന്ന വിവരങ്ങളിലെ കൃത്യത ഉറപ്പാക്കണം. ടി പ്രൊഫോർമയിൽ രേഖപ്പെടുത്തിയ വിവരങ്ങൾക്ക് പൂർണ്ണ ഉത്തരവാദി ബന്ധപ്പെട്ട DDO ആയിരിക്കും. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുകയോ / യഥാർത്ഥ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 802

**Pro-forma - P1168**